*നം.ഇ.എക്സ്.എ6/17900/2024/സി.ജി.ഇ*

*പരീക്ഷാകമ്മീഷണറുടെ കാര്യാലയം,*
*പരീക്ഷാഭവൻ, പൂജപ്പുര,*
*തിരുവനന്തപുരം,*
*തീയതി: 07.05.2024.*

# സർക്കുലർ

വിഷയം :- **2024 മാർച്ചിലെ റ്റി.എച്ച്.എസ്.എൽ.സി** പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ **പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി** എന്നിവയ്ക്കുള്ള അപേക്ഷ രജിസ്റ്റർ ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന :- 16/10/2023-ാം തീയതിയിലെ ഇ.എക്സ്/സി.ജനറൽ(3)/44000/2023/സി.ജി.ഇ നമ്പർ വിജ്ഞാപനം.

2024 മാർച്ച് റ്റി.എച്ച്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ പുനർമൂല്യ നിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്ക് ആയതിനുള്ള ഓൺലൈൻ അപേക്ഷകൾ പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റായ **http://thslcexam.kerala.gov.in** ൽ **09.05.2024** മുതൽ **15.05.2024** വൈകുന്നേരം 4 മണി വരെ **THSLC 2024 Revaluation/Photocopy/Scrutiny applications** എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യാ വുന്നതാണ്. പരീക്ഷാർത്ഥികൾ രജിസ്ട്രേഷൻ നടത്തിയതിന്റെ പ്രിൻൗട്ടും അപേക്ഷാ ഫീസും പരീക്ഷ എഴുതിയ സെന്ററിലെ സൂപ്രണ്ട്/പ്രിൻസിപ്പലിന് **15.05.2024-ന്** വൈകുന്നേരം **5** മണിക്ക് മുമ്പ് സമർപ്പിക്കേണ്ടതാണ്. ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിന് പേപ്പർ ഒന്നിന് 400/- രൂപ, ഫോട്ടോകോപ്പിക്ക് 200/- രൂപ, സ്ക്രൂട്ടിണിക്ക് 50/- രൂപ എന്ന നിരക്കിലാണ് ഫീസ് അടക്കേണ്ടത്. പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്ന പേപ്പറുകളുടെ സ്ക്രൂട്ടിണിക്കു വേണ്ടി പ്രത്യേകം അപേക്ഷ രജിസ്റ്റർ ചെയ്യേണ്ടതില്ല. സൂപ്രണ്ട്/പ്രിൻസിപ്പാൾമാർ പരീക്ഷാർത്ഥി കളിൽ നിന്നും ലഭിച്ച അപേക്ഷയുടെ പ്രിന്റൗട്ട് ഓൺലൈനിൽ **16.05.2024-** ന് വൈകിട്ട് **5** മണിക്ക് മുമ്പായി വെരിഫൈ ചെയ്യേണ്ടതും ഫീസ് പണമായി സ്വീകരിച്ച് അപേക്ഷകർക്ക് രസീത് നൽകേണ്ടതുമാണ്. **15.05.2024** അഞ്ച് മണിക്ക് ശേഷം ലഭിക്കുന്നതും അപൂർണ്ണവുമായ വിവരങ്ങൾ അടങ്ങിയതുമായ അപേക്ഷകൾ യാതൊരു കാരണവശാലും സൂപ്രണ്ട്/പ്രിൻസിപ്പാൾമാർ സ്വീകരിക്കുവാൻ പാടുള്ളതല്ല.

പുനർമൂല്യനിർണ്ണയം നടത്തിയതിനെ തുടർന്ന് ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ആ പേപ്പറിന് അടച്ച ഫീസ് പരീക്ഷാർത്ഥിക്ക് തിരികെ നൽകുന്നതാണ്. **ഉത്തരക്കടലാസിന്റെ ഫോട്ടോകോപ്പി ലഭിച്ചതിനു ശേഷം പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കുവാൻ അർഹതയില്ല.** എന്നാൽ മൂല്യനിർണ്ണയം ചെയ്യാത്ത ഉത്തരങ്ങൾ സ്കോറുകൾ കൂട്ടിയതിലുള്ള പിശകുകൾ എന്നിവ ശ്രദ്ധ യിൽപ്പെട്ടാൽ അതു പരിഹരിച്ചു കിട്ടുന്നതിന് പരീക്ഷാഭവൻ സെക്രട്ടറിയ്ക്ക് അപേക്ഷ നൽകാവുന്നതാണ്.പരീക്ഷാർത്ഥികൾക്ക് എ+ ലഭിക്കുന്ന വിഷയങ്ങൾക്കും പുനർ മൂല്യ നിർണ്ണയ ത്തിന് അപേക്ഷിക്കാവുന്നതാണ്.നിശ്ചിത സമയ പരിധിക്കുള്ളിൽ സമർപ്പിക്കാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**<u>സൂപ്രണ്ട്/പ്രിൻസിപ്പാൾമാർക്കുള്ള ചുമലതകൾ</u>**

ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയശേഷം അപേക്ഷകർ സമർപ്പിക്കുന്ന പ്രിന്റൗട്ടിലെ വിവരങ്ങൾ സൂപ്രണ്ട്/പ്രിൻസിപ്പാൾമാർ ഓൺലൈനിൽ വെരിഫൈ ചെയ്യേണ്ടതാണ്. <u>അപേക്ഷ കൾ ലഭിക്കുന്ന അന്നുതന്നെ ഓൺലൈൻ വെരിഫിക്കേഷനും നടത്താവുന്നതാണ്. സൂപ്രണ്ട്/ പ്രിൻസിപ്പാൾമാർ ഓൺലൈൻ വെരിഫിക്കേഷനും കൺഫർമേഷനും നടത്താത്ത അപേക്ഷകൾ പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി എന്നിവയ്ക്ക് പരിഗണിക്കുന്നതല്ല</u>. പരീക്ഷാ ർത്ഥികളിൽനിന്നും ലഭിക്കുന്ന ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സ്കൂളിൽ സൂക്ഷിക്കേണ്ട താണ്.

അപേക്ഷകരിൽ നിന്നും പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നീ ഇനങ്ങളിൽ സ്വീകരിച്ച ഫീസ്, ഗ്രേഡ് മാറ്റംമൂലം തിരികെ നൽകിയ തുക മുതലായ വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി ഓരോ സ്കൂളിലും സൂക്ഷിക്കേണ്ടതും ഇത് ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്കായി നൽകേണ്ടതുമാണ്. പരീക്ഷാർത്ഥിക്ക് പുനർമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ആ പേപ്പറിന് അടച്ച ഫീസ് തിരികെ നൽകേണ്ടതാണ്. 28/09/2012-ാം തീയതിയിലെ സർക്കാർ ഉത്തരവ് നം.4611/2012/പൊ.വി.വ പ്രകാരം ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നീ ഇനങ്ങളിൽ ലഭിച്ച തുകയിൽ നിന്നും പുനർമൂല്യനിർണ്ണയം നടത്തിയതനുസരിച്ച് ഗ്രേഡിൽ മാറ്റം വന്ന കേസുകൾക്കുള്ള തുക ബന്ധപ്പെട്ട പരീക്ഷാർത്ഥികൾക്ക് തിരിച്ചു നൽകിയതിനു ശേഷം ബാക്കിയുള്ള തുക പ്രഥമാ ദ്ധ്യാപകർ “**0202-01-102-92-other receipts**” എന്ന കണക്കു ശീർഷകത്തിൽ ചെലാൻ മുഖേന അടക്കേണ്ടതും ആയതിന്റെ ഫോട്ടോകോപ്പി (സ്വയം സാക്ഷപ്പെടുത്തിയത്) ഈ സർക്കുലറി നൊപ്പമുള്ള സ്റ്റേറ്റ്മെന്റ് സഹിതം **05.06.2024** -നകം ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ സ്കൂളിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റ് ക്രോഡീകരിച്ച് നിശ്ചിത പ്രൊർഫോർമയിൽ **07.06.2024**-ന് മുൻപായി ടി ഓഫീസിലെ **<u>cgeasection@gmail.com</u>** എന്ന ഇ-മെയിൽ അഡ്രസ്സിലേക്ക് അയച്ചുതരേണ്ടതാണ്. പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി ഇനങ്ങളിലായി ശേഖരിക്കുന്ന ഫീസ് തുക യാതൊരു കാരണവശാലും **05.06.2024** നുശേഷം കൈവശം സൂക്ഷിക്കുവാൻ പാടുള്ളതല്ല. മുൻവർഷം ചില സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർ നിശ്ചിത സമയപരിധിക്കുള്ളിൽ തുക അടച്ചിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് **05.06.2024**-നകം തുക അടക്കുന്നതിൽ വീഴ്ച വരുത്തുന്നവരിൽ നിന്നും 18% പലിശസഹിതം തുക ഈടാക്കുന്നതും ബന്ധപ്പെട്ടവരുടെ പേരിൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ സ്കൂൾ വാർഷിക പരിശോധനയിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തങ്ങളുടെ സ്കൂളിൽ നിന്നും പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി എന്നിവയ്ക്ക് അപേക്ഷകർ ഇല്ലായിരുന്നെങ്കിൽ അക്കാര്യം വ്യക്തമാക്കി ഒരു ശൂന്യറിപ്പോർട്ടും മേൽപ്പറഞ്ഞ സമയപരിധി ക്കുള്ളിൽ പ്രഥമാദ്ധ്യാപകർ പരീക്ഷാഭവനിലേക്കും ജില്ലാ വിദ്യാഭ്യാസ ആഫീസർക്കും അയക്കേണ്ടതാണ്.

## സൂപ്രണ്ട്/പ്രിൻസിപ്പാൾമാർ അപേക്ഷ കൺഫേം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. iExaMS login ചെയ്ത ശേഷം Post Examination Menu വിൽ നിന്നും Revaluation Menu വിന്റെ Sub Menu ആയ Revaluation Application Verification വഴി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ ലിസ്റ്റ് ലഭ്യമാകും.
2. ഓരോ Application -ലും ഉള്ള View Application ബട്ടൺ ക്ലിക്ക് ചെയ്താൽ Application -ന്റെ വിശദവിവരങ്ങൾ കാണാം. ഈ വിവരങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിച്ച വിവരങ്ങളുമായി ഒത്തുനോക്കി ബോദ്ധ്യപ്പെട്ടാൽ വെരിഫൈ Application എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് അപേക്ഷ സമർപ്പണം പൂർത്തിയാക്കാവുന്നതാണ്.
3. Application Verification പൂർത്തിയാക്കിയശേഷം റിപ്പോർട്ട് മെനുവിൽ നിന്നും Revaluation, Photocopy, Scrutiny എന്നിവയുടെ അബ്സ്ട്രാക്ട് റിപ്പോർട്ട് ലഭ്യമാണ്.
4. അപേക്ഷകൾ സ്കൂളിൽ ലഭിക്കുന്ന മുറയ്ക്ക് തന്നെ സൂപ്രണ്ട്/പ്രിൻസിപ്പാൾമാർ ഓൺ ലൈൻ കൺഫെർമേഷൻ നടത്തി തീർക്കേണ്ടതാണ്. **16.05.2024** -ന് വൈകിട്ട് **5** മണിക്ക് മുമ്പ് എല്ലാ അപേക്ഷകളും പരിശോധിച്ച് കൺഫർമേഷൻ നടത്തിയിരിക്കേണ്ടതാണ്.

**പരീക്ഷാസെക്രട്ടറി**

**സ്വീകർത്താവ്**

1. എല്ലാ ടെക്നിക്കൽ സ്കൂൾ സൂപ്രണ്ട്/പ്രിൻസിപ്പാൾമാർക്കും.
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
3. സിസ്റ്റം മാനേജർ (പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. കരുതൽ ഫയൽ.